# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1681 — 05/02/2019-ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാടകയ്ക്കെടുക്കുന്ന വാഹനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.ദാസൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓഫീസ് ആവശ്യത്തിനായി വാഹനം വാടകക്ക് എടുക്കുന്നതിന് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | എ) | സ്വന്തമായി വാഹനമില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് 50000/- രൂപയിൽ അധികരിക്കാത്ത തുക തനതു ഫണ്ടിൽ നിന്നും പ്രതിവർഷം ചെലവഴിക്കുന്നതിന് 08/01/2007 ലെ സ.ഉ(സാധാ)നം. 82/2007/തസ്വഭവ നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നത് സർക്കാരിന്റെ 03/09/2012 ലെ സ.ഉ(സാധാ)നം. 2493/2012/തസ്വഭവ ഉത്തരവ് പ്രകാരം പ്രതിവർഷം വാടക ഇനത്തിൽ ചിലവഴിക്കാവുന്ന തുക 75,000/- (എഴുപത്തി അയ്യായിരം) രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്വന്തമായി വാഹനമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥപനങ്ങൾക്ക് അത്യാവശ്യഘട്ടങ്ങളിൽ ഓഫീസ് ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് ഉപയോഗിക്കുന്നതിന് 16/11/2016 ലെ സ.ഉ(സാധാ) നം. 3108/16/തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുമുണ്ട്. ടി ഉത്തരവിൽ വാഹനം വാടകയ്ക്ക് എടുക്കുന്നത് ഏറ്റവും കുറഞ്ഞ കി.മീറ്റർ ചാർജിൽ മാസവാടക നിരക്കിൽ സുതാര്യമായ നടപടിക്രമങ്ങളിലൂടെ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇല്ലെങ്കിൽ ഇപ്പോഴത്തെ വർദ്ധിച്ച ഇന്ധനവില, ഡ്രൈവർ വേതനം എന്നിവ കണക്കിലെടുത്ത് പരിഷ്കരിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**